**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ് മറ്റൊരു നിയോജകമണ്ഡലത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ; | (എ) | കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ് മറ്റൊരു നിയോജക മണ്ഡലത്തിലേക്ക് മാറ്റി സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിരുന്നുവെങ്കിലും ബഹു.എം.എൽ.എ ആവശ്യപ്പെട്ടത് പ്രകാരം പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് നിർത്തിവയ്ക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭം മുതൽ ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടക രഹിതമായാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. ആദ്യം സെക്ഷൻ ഓഫീസ് പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന്റെ കെട്ടിടം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഭൗതീക സാഹചര്യമില്ലാത്തതും, ഭിന്നശേഷി സൗഹാർദ്ദ പരമല്ലാത്തതിനാലും പഞ്ചായത്ത് നിരന്തരമായി സെക്ഷൻ ഓഫീസ് ഒഴിഞ്ഞു കൊടുക്കണമെന്ന് ആവശ്യപ്പെട്ടതിനാലുമാണ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ തീരുമാനിച്ചത്. |
| (ബി) | സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ രണ്ട് കെട്ടിടങ്ങൾ ജനപ്രതിനിധികളും നാട്ടുകാരും നിർദേശിച്ചിട്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്ന് മുനിസിപ്പാലിറ്റി പരിധിയിലേക്ക് സെക്ഷൻ ഓഫീസ് മാറ്റുന്നതിന് തീരുമാനിച്ചതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പഞ്ചായത്തിന്റെ പരിധിയിൽ നാട്ടുകാരും ജനപ്രതിനിധികളും കാണിച്ച് തന്ന കെട്ടിടങ്ങൾ പാർക്കിങ് സൗകര്യം ഇല്ലാത്തതും ടീക്ക് വുഡ് പോൾ അടക്കമുള്ള സാധനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാലും ഭിന്ന ശേഷി സൗഹൃദമല്ലാത്തതിനാലും ഒരു മാസം 40,000/- രൂപ വാടക ആവശ്യപ്പെട്ടതിനാലും ഏകദേശം 1 കിലോമീറ്റർ ദൂരത്തിലുള്ള മുക്കം മുൻസിപ്പാലിറ്റിയിൽ കൂടുതൽ സൗകര്യങ്ങളുള്ള പ്രതിമാസം 18,500/- രൂപ വാടകയിൽ കെട്ടിടം ലഭ്യമായത് കൊണ്ടുമാണ് ഓഫീസ് മാറ്റുന്നതിനെ കുറിച്ച് ആലോചിച്ചത്. |
| (സി) | പ്രദേശത്ത് സർവകക്ഷി പ്രക്ഷോഭങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇടയാക്കിയ പ്രസ്തുത തീരുമാനം | (സി) | ആദ്യം സെക്ഷൻ ഓഫീസ് പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന്റെ കെട്ടിടം സെക്ഷൻ ഓഫീസിന്റെ |

| | | | |
|---|---|---|---|
| | പിൻവലിക്കുന്നതിനുള്ള നിർദേശം നൽകാൻ നടപടി സ്വീകരിക്കുമോ? | | പ്രവർത്തനത്തിന് ആവശ്യമായ ഭൗതീക സാഹചര്യമില്ലാത്തതും ഭിന്നശേഷി സൗഹാർദ്ദപരമല്ലാത്തതിനാലും പഞ്ചായത്ത് നിരന്തരമായി സെക്ഷൻ ഓഫീസ് ഒഴിഞ്ഞു കൊടുക്കണമെന്ന് ആവശ്യപ്പെട്ടതിനാലുമാണ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ തീരുമാനിച്ചത്. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ കെട്ടിടം, കെ.എസ്.ഇ.ബി.എൽ-ന്റെ വാടക കരാർ വ്യവസ്ഥകൾക്കനുസരിച്ച് ലഭ്യമാക്കിയാൽ നിലവിലെ വാടക കരാർ കാലാവധി തീരുന്ന മുറക്ക് നേരത്തെ പ്രവർത്തിച്ചിരുന്ന നിയോജക മണ്ഡലത്തിൽ തന്നെ പുന:സ്ഥാപിക്കുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ